കേരള സർക്കാർ

സംഗ്രഹം

ജലവിഭവവകുപ്പ് --ജീവനക്കാര്യം - ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ.എ.ഉസ്മാൻ, ശ്രീ.നാസറുദ്ദീൻ എം. എന്നിവർക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് താത്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജലവിഭവ (എ) വകുപ്പ്

സ.ഉ.(സാധാ) നം.357/2018/ജ.വി.വ. തീയതി, തിരുവനന്തപുരം, 15/05/2018.

---

പരാമർശം:- 1) 03/06/1999 ലെ 5328/റൂൾസ്-1/99/ഉഭപവ സർക്കുലർ
2) ചീഫ് എഞ്ചിനീയർ(ഐ&എ) യുടെ 24/04/2018 തീയതിയിലെ എ 1-28590/2017 നമ്പർ കത്ത്.

## ഉത്തരവ്

2018 ലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള ഡി.പി.സി പരിഗണനാപ്പട്ടികയിൽ ഉൾപ്പെട്ട ക്രമനമ്പർ 1 ശ്രീ.പി.വി.അജയകുമാർ, 30/04/2018 ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാലും ക്രമ നം.2, ശ്രീ.ബിജു ഡി., ശൂന്യവേതനാവധിയിലായതിനാലും ഇവർ രണ്ടു പേർക്കും സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയില്ല എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിലവിലുള്ള മുൻഗണനാപട്ടിക അനുസരിച്ച് ശ്രീ.എ.ഉസ്മാൻ, ശ്രീ.നാസറുദ്ദീൻ എം. എന്നിവരാണ് 2018 ലേയ്ക്കുള്ള സെലക്ട് ലിസ്റ്റിലും തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനും യഥാക്രമം 1, 2 സ്ഥാനങ്ങൾക്ക് അർഹരായിട്ടുള്ളവരെന്നും ചീഫ് എഞ്ചിനീയർ (ഐ&എ) അറിയിക്കുകയുണ്ടായി.

2) 2018 ലേയ്ക്കുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ച ശേഷം സ്ഥാനക്കയറ്റം നൽകുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാലും ഈ രണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മേയ് 2018 ൽ വിരമിക്കുന്നതിനാലും ടി ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഇവരെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി, അനുയോജ്യമായ സ്ഥാനങ്ങളിൽ നിയമിക്കണമെന്ന് ചീഫ് എഞ്ചിനീയർ(ഐ&എ) ആവശ്യപ്പെട്ടിരുന്നു.

3) പരാമർശം (1)ലെ സർക്കുലർ പ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജലസേചനവകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ.എ.ഉസ്മാൻ, ശ്രീ.നാസറുദ്ദീൻ എം. എന്നിവർക്ക് KS&SSRs ലെ ചട്ടം 31 (a)(i) പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർമാരായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ടും മലപ്പുറം എം.ഐ.ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ.എ.ഉസ്മാനെ, കണ്ണൂർ പ്രൊജക്ട് സർക്കിളിൽ, ശ്രീ.ഒ.സുലൈമാൻകുട്ടി

30/04/2018 ൽ വിരമിച്ച ഒഴിവിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറായും തിരുവനന്തപുരം IDRB ഓഫീസിലെ കനാൽ ഡിവിഷനിൽ ജോയിന്റ് ഡയറക്ടറായ ശ്രീ.നാസറുദ്ദീൻ എം. നെ ശ്രീമതി ശശികല ഗോപിനാഥൻ 30/04/2018 ൽ വിരമിച്ച ഒഴിവിൽ തിരുവനന്തപുരം ISW IDRB ഓഫീസിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായും നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

രജികുമാർ ജെ.

ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഐ&എ), തിരുവനന്തപുരം.
വ്യക്തിയ്ക്ക്, ചീഫ് എഞ്ചിനീയർ (ഐ&എ), മുഖേന.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പിആർഡി.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നം. പി1/28590/2017 തീയതി. 15.05.2018
സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട
ഉദ്യോഗസ്ഥർക്ക് നൽകുന്നു.

ചീഫ് എഞ്ചിനീയർക്കുവേണ്ടി.